# കേരള കാർഷിക സർവ്വകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

**കാസറഗോഡ്-671310, 0467 226 0632, rarspil@kau.in**


ബി3-4418/2025 തീയതി: 29.12.2025

## ദർഘാസ് പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ പ്രധാന കെട്ടിടം, സെമിനാർ ഹാൾ, ലാബുകൾ, സ്റ്റെയർകെയ്സുകൾ, എക്സിബിഷൻ ഹാൾ, ടിഷ്യുകൽച്ചർ ലാബ്, ഫാം ഓഫീസ്, മൃഗസംരക്ഷണ കേന്ദ്രം, തിരുമുമ്പ് ഫാമിംഗ് കൾച്ചർ കേന്ദ്രം, ട്രെയ്നീസ് ഹോസ്റ്റൽ എന്നിവിടങ്ങളിലെ വരാന്ത, ജനാലകൾ, മേൽക്കൂര, അനുബന്ധപരിസരം, ടോയ്ലറ്റുകൾ കുളിമുറികൾ, വാഷ്ബേസിനുകൾ എന്നിവ ഉത്തുവാരി മാറാല നീക്കി കഴുകി തുടച്ച് വൃത്തിയാക്കുന്ന ജോലി ചെയ്യാൻ താതപര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് സ്വീകരിക്കുന്ന തീയ്യതി മുതൽ രണ്ട് വർഷത്തേക്കായിരിക്കും കാലാവധി.

ദർഘാസുകൾ അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട് പി.ഒ എന്ന വിലാസത്തിൽ **08.01.2026 -ന് വൈകുന്നേരം 3 മണിക്ക് മുമ്പ് ലഭിക്കേണ്ടതാണ്.** ദർഘാസിനൊപ്പം 1000/- രൂപ നിരതദ്രവ്യം കെട്ടിവെക്കേണ്ടതുണ്ട്. സ്വീകരിക്കപ്പെടുന്ന ദർഘാസ് സമർപ്പിച്ചയാൾ 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ നിർദിഷ്ട മാതൃകയിൽ എഴുതിത്തരേണ്ടതാണ്. സർക്കാർ ദർഘാസ് നിബന്ധനകളെല്ലാം ഇതിന് ബാധകമാണ്.

എല്ലാ പ്രവൃത്തി ദിവസങ്ങളിലും മേൽപ്പറഞ്ഞ പ്രവൃത്തികൾ ചെയ്തിരിക്കണം. ഇതിനാവശ്യമായ സാമഗ്രികൾ ഓഫീസിൽ നിന്നും നൽകുന്നതാണ്.

ഫാമിലെ തൊഴിലാളികളുടെ ജോലിസമയത്ത് (രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ) മാത്രമെ ജോലിചെയ്യാൻ പാടുള്ളൂ. ടോയ്ലറ്റ്/കുളിമുറി എന്നിവയുടെ എണ്ണവും വിസ്തീർണ്ണവും വാഷ്ബേസിനുകളുടെ എണ്ണവും മറ്റും ഓഫീസിൽ വന്നാൽ നേരിട്ട് മനസിലാക്കാവുന്നതാണ്. **കരാർ എടുക്കുന്ന വ്യക്തി പ്രവൃത്തികൾ എല്ലാ ദിവസവും യഥാസമയം പൂർത്തീകരിക്കുന്നതിനായി നിർബന്ധമായും മൂന്ന് തൊഴിലാളികളെ നിയമിക്കേണ്ടതാണ്.** ഈ തൊഴിലാളികളുടെ സുരക്ഷ, ആനുകൂല്യങ്ങൾ മുതലായവയ്ക്ക് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

മേൽപ്പറഞ്ഞ ജോലി നിർവ്വഹിക്കുന്നതിന് **മൂന്ന് തൊഴിലാളികൾക്ക് ദിവസം എത്ര രൂപ പ്രതിഫലം** എന്ന് ദർഘാസിൽ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.

ദർഘാസ് അംഗീകരിക്കപ്പെടുന്നയാൾക്കോ അയാളുടെ കീഴിൽ പ്രവർത്തിക്കുന്നവർക്കോ കൂലിക്കുള്ള അവകാശത്തിനു പുറമെ സർവ്വകലാശാലയ്ക്ക് കീഴിൽ യാതൊരുവിധ നിയമനത്തിനുമുള്ള അവകാശവും ഉന്നയിക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല. ജോലി തൃപ്തികരമായി ചെയ്യുന്ന പക്ഷം അതിനുള്ള പ്രതിഫലം അടുത്ത മാസം 10 -ാം തീയതിക്കുള്ളിൽ നൽകുന്നതായിരിക്കും.

വർഷത്തിൽ 50,000/- രൂപയിൽ കൂടുതൽ പ്രതിഫലം ലഭിക്കുന്ന സാഹചര്യത്തിൽ പാൻകാർഡ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉയർന്ന നിരക്കിൽ ആദായ നികുതി ഈടാക്കുന്നതാണ്.

ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ: 04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
3. ഡോ.സുമേഷ്.കെ.വി, അസിസ്റ്റന്റ് പ്രൊഫസർ i/c ഫാം
4. ഡോ.നിഷ ലക്ഷ്മി.വി, അസിസ്റ്റന്റ് പ്രൊഫസർ i/c ടെയ്റ്റീസ് ഹോസ്റ്റൽ

**// അംഗീകാരത്തോടെ//**

**സെക്ഷൻ ഓഫീസർ**

OFFICE OF THE ASSOCIATE DIRECTOR
REGIONAL AGRL. RESEARCH STATION (NZ)
Date.
PILICODE-671310